Vol. I, No.8
2022 July-December
1197-98 മിഥുനം-ധനു

cluded in UGC-CARE list
peer reviewed research journal

CHENGAZHI



# ഉള്ളടക്കം


മലയാളഭാഷയിലെ സംസ്കൃതരൂപങ്ങളും പ്രയോഗസാധുതയും 11
അലക്സ് എൽ.

ജാതിയുടെ അബോധം: ഫ്രോയ്ഡിയൻ-ലകാനിയൻ വിശകലനം 18
വിജിത്ത് കെ.

പ്രതിമാജീവിതങ്ങളും കോളനിവിരുദ്ധ നവോത്ഥാനങ്ങളും—ഭാസനാടകങ്ങളുടെ രാഷ്ട്രീയം 24
ഷൈബ കെ.എസ്.

വയലാർ ഗാനവരികളിലെ സമഗ്രത 36
ഡേവിസ് സേവ്യർ

വടക്കൻ പ്രാദേശികതാ ഭാവനിർമ്മാണം മലയാളസിനിമയിൽ 42
ജെനിമോൾ കെ. വി.

'ഗന്ധഹാര'യുടെ ആഖ്യാന ഘടന 49
ജയകുമാർ എസ്.എസ്.

പഞ്ചസന്ധികളുടെ പ്രയോഗം നൃത്യനാടികകളിൽ 57
കവിത കെ.എസ്.

തിരമൊഴിമുഴക്കങ്ങൾ—മലയാളകവിതയുടെ പുതിയ മുഖം 64
മിനി ആലീസ്

അവൾ അവനോട് പറയുന്നത്... 74
സുനിത ടി.വി

ഫ്രെയിമിലൊതുങ്ങാത്ത യാത്രകൾ 79
സിബു മോടയിൽ

ആണവൽക്കരിക്കുന്നതുമാണ് പുരുഷാധിപത്യഘടന. ആ ഘടനയ്ക്കുള്ളിലാണ് സ്ത്രീകളുടെ ജീവിതം. ആ ഘടനയ്ക്കകത്താണ് എല്ലാത്തരം സ്ത്രീപുരുഷബന്ധങ്ങളും പ്രവർത്തിക്കുന്നത്.

ഈ അധികാരഘടനയ്ക്കകത്ത്, അതിന്റെ അധികാരം പേറിയാണ് സൗഹൃദവും പ്രണയവും ദാമ്പത്യവും കുടുംബവും ഒക്കെ സംഭവിക്കുന്നത്. സ്ത്രീയെ അറിയാൻ ശ്രമിക്കാത്തവനാണ് പുരുഷൻ. അവന്റെ ലോകത്ത് അവന്റെ ആവശ്യകതകൾക്കകത്ത് സ്വയം പാകപ്പെടാൻ നിർബന്ധിതയാവുന്ന സ്ത്രീ അനുഭവിക്കുന്ന വീർപ്പുമുട്ടലുകൾ അവർണ്ണനീയമാണ്. ആണധികാരത്തിന്റെ മുദ്രകൾ പേറുന്ന ഭാഷയിൽ ആ അനുഭവം ആവിഷ്കരിക്കുകയെന്നതും ശ്രമകരമാണ്. എഴുത്തിന്റെ എല്ലാവിധ സർഗ്ഗോന്മാദങ്ങളും ഹർഷങ്ങളും അലച്ചിലും ധ്യാനവും ഈ ശ്വാസംമുട്ടിക്കുന്ന വ്യവസ്ഥയ്ക്കകത്ത് അനുഭവിക്കുന്ന എഴുത്തുകാരിയുടെ ജീവിതം കൂടുതൽ സങ്കീർണ്ണമാവുന്നു.

പുരുഷനെ അഭിസംബോധന ചെയ്യുന്ന ഇന്ത്യൻ കവയിത്രികളുടെ 29 കവിതകൾ 'അവനോട് പറയാനുള്ളത്' എന്ന പേരിൽ ആൽബെർട്ടോ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച സമാഹാരത്തെ അടിസ്ഥാനമാക്കി 'പെണ്ണ് ആണിനോട് പറയാൻ ശ്രമിക്കുന്നതെന്ത്' എന്ന അന്വേഷണമാണ് ഇവിടെ നടത്തുന്നത്.

മറാഠി കവിയായ അസാവരി കാക്ഡെ സ്ത്രീയെ മനസ്സിലാക്കാത്ത ആണിനെ ഇങ്ങനെ അവതരിപ്പിക്കുന്നു:

ഞാൻ പൂവിട്ട് പരിമളം തൂകി നിൽക്കുന്നത് കണ്ട് ആഹ്ലാദിച്ച് എന്നെ പ്രശംസിച്ച്, എന്റെ
നിറഞ്ഞ തണലിൽ നിർവൃതിയോടെ തലചായ്ച്ചുറങ്ങുന്ന നീ അറിയാത്ത ഒന്നുണ്ട്:
"പക്ഷേ ആ നേരങ്ങളിൽ
എന്റെ ഹൃദയത്തിൽ
നിറയുന്ന ശൂന്യതയെപ്പറ്റി
അങ്ങറിയുന്നേയില്ല" (ശരത്കാലനിമിഷ)

വസന്തം പടിയിറങ്ങി ശരത്കാലത്തിൽ ഒറ്റയ്ക്കാവുമ്പോൾ ആരും തേടിവരാതെ ഞാൻ തനിച്ചാവുന്നു. അപ്പോൾ എന്റെയുള്ളിൽ ആറ്റുപൂക്കൾ പൊഴിച്ച് ഇലകൊഴിയുകയാണ്. ആ ആരംഭം മനസ്സിലാണ്. അത് ഒരിക്കലും അങ്ങ് കണ്ടില്ല. വസന്തത്തിന്റെ ശൂന്യമായിരുന്ന ആ (ബാഹ്യമായ) പൂക്കളെ മാത്രം കണ്ടാനന്ദിക്കാൻ അങ്ങേക്ക് ശേഷിയുള്ളൂ. ആന്തരികമായ വസന്തങ്ങളെ കാണാത്ത, ഹൃദയപൂർവ്വമായി സംവദിക്കാത്ത പുരുഷനോട് സംവദിക്കാൻ സ്ത്രീ നടത്തുന്ന വിഫലശ്രമമാണിത്. അവൻ ബാഹ്യവസന്തങ്ങൾ മാത്രം ശ്രദ്ധിക്കുന്നു, ആസ്വദിക്കുന്നു.

ഇതുതന്നെയാണ് ഹിന്ദി കവി കാത്യായനിയും പറയുന്നത്. എല്ലാമറിയുന്നവളാണ് പെണ്ണ്. പുരുഷൻ അവൾക്കായി നിർമ്മിച്ച കൂടുകൾ, വലകൾ, കോൺസെൻട്രേഷൻ ക്യാമ്പുകൾ ... അതിലിരുന്ന് അവൾ അനന്തമായ നീലാകാശത്തെയും ആഴക്കടൽ നീലിമയെയും സ്വപ്നം കാണുന്നു. അവനെപ്പോഴും പറയാനുള്ളത് കോൺസെൻട്രേഷൻ ക്യാമ്പുകളെപ്പറ്റിയാണ്. അവൻ അതിനെപ്പറ്റി പറഞ്ഞുതുടങ്ങുമ്പോൾ അവൾ പ്രേമഗാനം പാടിത്തുടങ്ങും.

'ഇവളുടെ ഉള്ളിലിരിപ്പെന്തെന്ന് പിടികിട്ടാൻ
നിനക്കി ജന്മം മതിയാവില്ല.'

താരാനാന്തിരാൽ നിന്റെ കൈപ്പിടിയിലോ, മുഷ്ടിയിലോ, സ്വാതിയിലോ, ഉത്തരത്തിലോ ഞാൻ ഒതുങ്ങുന്നില്ല എന്ന പ്രഖ്യാപിക്കുന്നു.

"കടലുകാണാൻ വന്നതല്ലേ നീ..
ആവോളം ഇടിച്ചുതിമിർത്തിട്ട്
തിരിച്ച് വീട്ടിൽ പൊയ്ക്കോളൂ..
എന്റെ തിരകൾക്ക്
ഇനിയുമെത്ര കപ്പലുകളെ
കരയ്ക്കെത്തിക്കാനുള്ളതാണ്..."          (വലിപ്പം)

ആകാശത്തോളം ആനന്ദം തന്ന നീ ഇന്ന് കടലോളം നൊമ്പരം തന്നു. തന്നിലും അവൾ തന്നെ മുട്ടുനിൽക്കാനാണ് സങ്കടപ്പെടുന്ന നിശിതമായ ശൈലിയുമായി.

"പതിനെട്ടു വയസ്സിൽ എന്നോടൊപ്പം പോരുന്നു
ഞെട്ടിപ്പോലെ അമ്പരപ്പിക്കുന്ന
ഈ നിമിഷങ്ങൾക്കറിയുമോ
അതിലേതാണേറെ അവശ്യമെന്ന്..?   (ഇന്നലത്തെ സ്വപ്നം)

സ്നേഹം കൊണ്ട് വെളിച്ചം കെട്ടുന്ന്, കാറ്റിനുള്ള പഴുതുകളടച്ച് എല്ലാം മായ്ച്ചുകളഞ്ഞു നീ—എന്റെ മുഖം, എന്റെ വെളിച്ചം, എന്റെ കാറ്റുകൾ, എന്റെ ആകാശം...

"ഇതൊന്നും ചിലപ്പോൾ നീ
തിരിച്ചറിയുന്നപോലുമുണ്ടാവില്ല..
പൂക്കൾ ഞെരിക്കപ്പെടുന്നതും
ഇങ്ങനെയൊക്കെത്തന്നെ ആയിരിക്കും..."

(കവിത മഹാജൻ—മറാഠി കവി - 'നിന്റെ കൈകൊടുന്നതിൽ')

ഇല്ലാതെപോയ ചിറകിനേക്കാൾ അറ്റുപോയ കൈകളെയോർത്താണ് നിന്നോട് ഞാൻ എന്നെ കനിഞ്ഞത് അപ്പടി പറവകൾക്ക കാശു കൊടുക്കാനാത് നിനക്ക് ഇഷ്ടമല്ലായിരുന്നു. ഈ വീടിന്റെ പരാതിക്കാരം ചെയ്യില്ലെങ്കിലായാൽ ചിറകുകളാണ്—കവിത മഹാജൻ പറയുന്നു.

ഉടമസ്ഥതകളെ ആവർത്തിച്ചുറപ്പിക്കുന്നു അവൻ. അവൻ അച്ഛനല്ലെന്ന പറഞ്ഞാൽ ഞാൻ അനാഥയായേക്കാം. സിന്ധി കവി പോപതി ഹിരാനന്ദിനി എഴുതുന്നു:

"നീ എന്റേതാണ്..
നിനക്കുള്ളതെല്ലാം എനിക്ക് സ്വന്തമാണ്..
ചിരിച്ചും അങ്ങനെയൊക്കെത്തന്നെ ആവുമോന്നോ..?
അത് വേറെ..
ഞാനേ, നിന്റെ ഭർത്താവാണ്..."          (ഭർത്താവ്)

അധികാരം, ഉടമസ്ഥത, അറിയാൻ ശ്രമിക്കായ്ക, അടിച്ചമർത്തൽ, നിയന്ത്രണങ്ങൾ, പുരുഷാധിപത്യം, ഒരേതരം ജോലികളുടെ മടുപ്പ്, ഏകതാനത, ഒറ്റപ്പെടൽ തുടങ്ങിയവ സ്ത്രീ ജീവിത യാഥാർത്ഥ്യങ്ങളാണ് എന്ന് ഈ കവിതകൾ നമ്മോട് ആവർത്തിച്ച് പറയുന്നു. ആണും പെണ്ണും പലപ്പോഴും വിവർത്തനം അസാധ്യമായ രണ്ട് ഭാഷകളോ, പാലങ്ങളില്ലാത്ത രണ്ട് ദ്വീപുകളോ

ആവശ്യം. ആ വിവർത്തനം നടക്കാൻ സ്ത്രീ ആഗ്രഹിക്കുന്നു. അതിനായി ശ്രമിക്കുന്നു. ടിപ്പുകൾ കിട്ടിയ്യ് പാഠം പഠിക്കാൻ പരിശ്രമിക്കുന്നു. ആ വിവർത്തനമൊന്ന്, ഗാഢമായിത്തന്നെയാണ് അവൾ അവനോട് നിരന്തരം ആവശ്യപ്പെടുന്നത്. അത് അറിയാൻ, കേൾക്കാൻ അവൻ ഒരുപാട് മാറണം.

## സഹായകഗ്രന്ഥങ്ങൾ

1. ഒരു സംഘം കവികൾ, 2017. അവനോട് പറയാനുള്ളത്, വിവ: ആർ.ശിവദാസ, തിരുവനന്തപുരം: ചിന്ത് ബുക്സ്.
2. ജോർജ്ജ് പിലാരി, 2018. ആണത്തവും അധികാരവും, [illegible], കോഴിക്കോട്: പ്രോഗ്രസ് ബുക്സ്

ഡോ. സുനിത ടി.വി.



തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ അസോസിയേറ്റ് പ്രൊഫസർ. സംസ്ഥാന ടെലിവിഷൻ പുരസ്കാരം, ചലച്ചിത്ര അക്കാദമി ഫെലോഷിപ്പ്, യു.ജി.സി. ഫെലോഷിപ്പ്, മെറിലാൻഡ് മലയാളി അസോസിയേഷൻ അവാർഡ് എന്നിവ ലഭിച്ചു. കൃതികൾ: ഇ. മലയാളം, സൈബർ മലയാളം (എഡിറ്റർ), മലയാളവും ഇന്റർനെറ്റും, സൈബർ കഥകളിലെ സ്ത്രീ, അടുക്കളയിൽ നിന്ന് അടർക്കളത്തിലേക്ക് -ആത്മാപഠനം, തന്റേടം ആൺലോകത്തെ പെൺകാഴ്ചകൾ.